**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4795** **02-07-2024 - ൽ മറുപടിയ്ക്ക്**

**യുവജനക്ഷേമ ബോർഡിന്റെ കതിർ, അവളിടം ക്ലബ്ബുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | യുവജനക്ഷേമ ബോർഡിന്റെ പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | ഓൺലൈൻ ഡെലിവറി സംവിധാനം, മണിനാദം, സാഹിത്യ ക്യാമ്പ്, ചലച്ചിത്ര നിർമ്മാണ ശില്പശാല, നീന്തൽ പരിശീലനം, കായിക മത്സരങ്ങൾ, പെർഫോമൻസ് സിറ്റി, സാഹസിക വിനോദ മേള, പാരാസെയ്‌ലിംഗ് , ട്രക്കിംഗ്, ടീം കേരള, യൂത്ത് - യുവാക്ലബ്ബുകൾ, അവളിടം ക്ലബ്ബുകൾ, കേരളോത്സവം, സ്വാമിവിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം, വിവിധോദ്ദേശ്യ പദ്ധതികൾ, പ്രചരണവും പൊതുജന സമ്പർക്കവും, ദിനാചരണങ്ങൾ, യുവശക്തി തുടങ്ങിയവയാണ് യുവജന ക്ഷേമ ബോർഡിന്റെ പ്രധാന പദ്ധതികൾ. |
| (ബി) | സംസ്ഥാനത്ത് എത്ര കതിർ, അവളിടം ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെ ജില്ലകളിലെ ഏതൊക്കെ പ്രദേശങ്ങളിലാണെന്നും വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് ഒരു പഞ്ചായത്ത്/ മുനിസിപ്പിലിറ്റിയിൽ ഒന്നും കോർപ്പറേഷനിൽ രണ്ടു ക്ലബ്ബുകൾ വീതവും എന്നിങ്ങനെ 14 ജില്ലകളിലുമായി ആകെ 1040 അവളിടം ക്ലബ്ബുകളും ഒരു ജില്ലയിൽ 10 കാർഷിക ക്ലബ്ബുകൾ വീതം ആകെ 140 കതിർക്ലബ്ബുകളും രൂപീകരിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് യുവജന നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | 12/12/2012 - ലെ സ.ഉ(സാധാ)നം. 03/12/ കാ.യു.വ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് യുവജനനയം പ്രഖ്യാപിച്ചിട്ടുണ്ട്. യുവജനങ്ങളുടെ സാമൂഹിക - സാമ്പത്തിക - രാഷ്ട്രീയ - സാംസ്കാരിക കായിക മാനസിക വികസനത്തിലൂടെ സംസ്ഥാനത്തിന്റെ സമഗ്ര വികസനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് യുവജന നയം പ്രഖ്യാപിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ